- വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C LOSS) 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കാൻവേണ്ടി ആർ.എ.പി.ഡി.ആർ.പി. പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള വിവര സാങ്കേതിക വിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നു.

  സ്മാർട പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) വിവിധ കമ്പ്യൂട്ടർവത്കൃത സോഫ്റ്റ്വെയറുകൾ പ്രവർത്തിക്കുന്നതിനും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ പരാതി പരിഹാര സംവിധാനം എന്നിവയുമായി ബന്ധപ്പെട്ടും ജീവനക്കാർക്ക് ബൃഹത്തായ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ നേരിട്ടതന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡി.ആർ.ഐ.പി. പദ്ധതി

3(2204) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അണക്കെട്ടുകളുടെ നവീകരണത്തിനായി നടപ്പാക്കുന്ന ഡി. ആർ. ഐ. പി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും സമയ പരിധിക്കുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് സാധിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. World Bank, C.W.C. (Central Water Commission), കേന്ദ്രഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, ഇലക്ട്രിസിറ്റി ബോർഡ് എന്നിവർ പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗതിയും യഥാസമയം വിലയിരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 25.41 ദശലക്ഷം ഡോളറിന്റെ ഭരണാനുമതിയാണ് അണക്കെട്ടുകളുടെ നവീകരണത്തിനായി വൈദ്യുതി ബോർഡ് നൽകിയിട്ടുള്ളത്. 12 ജലവൈദ്യുത പദ്ധതികളിലായി 52 കോടി രൂപയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ടെണ്ടർ ക്ഷണിക്കുകയും അതിൽ 6 പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. പദ്ധതി പ്രവർത്തനങ്ങൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഗവൺമെന്റ് സ്ഥാപനങ്ങളിൽ സൗരോർജ്ജ പാനലുകൾ

4(2205) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഗവ. സ്ഥാപനങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം ഏജൻസികളെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിനായി പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2012-13 കാലഘട്ടത്തിൽ സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 110 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതികൾ ഡെമോൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഉല്പാദന-പ്രസരണ-വിതരണ മേഖലയിലെ കെട്ടിടങ്ങളിൽ ഇതുവരെ മൊത്തം 2.07 മെഗാവാട്ട് ശേഷി സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി&സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly